ഗൃഹശ്രീ ഭവന പദ്ധതി

266 (606) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ളവരെ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവനപദ്ധതിയിൽ അനുവദിക്കുന്ന വീടുകൾ നിർമ്മിക്കുന്നതിനായി ആരെയാണ് ഏൽപ്പിക്കുന്നത് ;

(ബി) തിരിച്ചടവ് ഇല്ലാത്ത പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം സർക്കാർ ഇതര സംഘടനകളാണ് ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ളത് ;

(സി) ഇതിൽ സർക്കാർ സബ്സിഡി എത്രയാണ് ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ എത്ര വർഷത്തേക്കാണ് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡുവഴി നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതിയിൽ അനുവദിക്കുന്ന വീടുകൾ നിർമ്മിക്കുന്നതിനുള്ള ചുമതല അതാത് ഗുണഭോക്താക്കളിൽ നിക്ഷിപ്തമാണ്.

(ബി) 22-11-2014 വരെ ഗൃഹശ്രീ ഭവന പദ്ധതിയിൽ ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ള സർക്കാർ ഇതര സംഘടനകളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(സി) ഗൃഹശ്രീ ഭവന പദ്ധതിയിലെ ഓരോ ഗുണഭോക്താവിനും 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡിയായി നൽകുന്നു.

(ഡി) ഗൃഹശ്രീ ഭവന പദ്ധതിയുടെ നിബന്ധനകൾ അനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ 15 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly